

ആർ. സുകുമാരൻ സംവിധാനം ചെയ്ത 'യുഗപുരുഷനി'ൽ ശ്രീനാരായണ ഗുരുവായി അഭിനയിച്ച തലൈവാസൽ വിജയിനെ കഴക്കൂട്ടം കിൻഫ്രയിൽ സിനിമയുടെ പ്രത്യേക പ്രദർശനം കണ്ടശേഷം മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ അഭിനന്ദിക്കുന്നു. ക്യാമറാമാൻ രാമചന്ദ്രബാബു, നിർമ്മാതാവ് എ. വി. അനൂപ് തുടങ്ങിയവർ സമീപം

# ദൈവം രക്ഷിച്ചു: വയലാർ രവി

ന്യൂഡൽഹി: ആഫ്രിക്കൻ രാജ്യമായ ലൈബീരിയയിൽ ഉണ്ടായ അപകടത്തിൽ ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ് രക്ഷപ്പെട്ടതെന്ന് ഐവറികോസ്റ്റിലെ ആശുപത്രിയിൽ കഴിയുന്ന കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവി കേരളകൗമുദിയോടു പറഞ്ഞു.

രണ്ടു ദിവസത്തിനകം രവിയെ പ്രത്യേക വിമാനത്തിൽ ഇന്ത്യയിൽ എത്തിക്കും. ലൈബീരിയയിലെ മൺറോവിയ വിമാനത്താവളത്തിലേക്കു പോകുമ്പോഴായിരുന്നു അപകടം.

കാർ മൂന്ന് പ്രാവശ്യമാണ് മറിഞ്ഞത്. പൂർണമായും തകർന്ന കാർ വെട്ടിപ്പൊളിച്ചാണ് പുറത്തെടുത്തത്. ശരീരത്തിൽ കടുത്ത വേദന ഇപ്പോഴുമുണ്ട് – രവി പറഞ്ഞു.

# ബിഗ് ബി മലയാളത്തിലേക്ക്

കൊച്ചി: എട്ടുമാസം കൂടി കാത്തിരിക്കുക. ഇതിഹാസതാരം അമിതാഭ് ബച്ചൻ മലയാളത്തിന്റെ വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെടും. 'കാണ്ഡഹാർ' എന്ന ബിഗ് ബഡ്ജറ്റ് ചിത്രത്തിലാണ് ബിഗ് ബിയുടെ മലയാളത്തിലെ അരങ്ങേറ്റം.

"കഥ പറഞ്ഞു. അദ്ദേഹത്തിന് ഇഷ്ടമായി. ഡേറ്റും തന്നു. ഏതു സമയത്തായാലും അഭിനയിക്കാൻ റെഡിയെന്ന് ഉറപ്പുതന്നു." സംവിധായകൻ മേജർ രവി 'കേരളകൗമുദി'യോട് പറഞ്ഞു. മോഹൻലാലാണ് ചിത്രത്തിലെ നായകൻ.

ജൂൺ ആദ്യം ചിത്രീകരണം ആരംഭിച്ച് ഒക്ടോബറിൽ ചിത്രം റിലീസ് ചെയ്യും. സുനിൽമേനോനാണ് ചിത്രം നിർമ്മിക്കുന്നത്.

# ചാല രാജൻ നിര്യാതനായി



തിരുവനന്തപുരം: ഐ.എൻ.ടി.യു.സി സംസ്ഥാന സെക്രട്ടറിയും ഹെഡ്‌ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് കോൺഗ്രസ്സിന്റെ സ്ഥാപക ജനറൽസെക്രട്ടറിയുമായ പൂജപ്പുര വിജയമോഹിനി മിൽ ജംഗ്ഷൻ കല്ലറമഠം ക്ഷേത്രത്തിനു സമീപം ടി.സി 8/71-4-ൽ ചാല രാജൻ (62) നിര്യാതനായി.

സംസ്ഥാന ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് അംഗമായും ഡി.സി.സി അംഗമായും പ്രവർത്തിച്ചുവരികയായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ഞായറാഴ്ച രാത്രി 12 മണിയോടെ പി.ആർ.എസ് ആശുപത്രിയിലായിരുന്നു അന്ത്യം.

സംസ്കാരം ഇന്നലെ ഉച്ചയ്ക്ക് 12.30-ന് തൈക്കാട് ശാന്തികവാടത്തിൽ നടന്നു.

നാലു പതിറ്റാണ്ടായി ട്രേഡ്‌യൂണിയൻ രംഗത്ത് സജീവമായ ചാല രാജനാണ് ചാലയിൽ ലോഡിംഗ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ എന്ന സംഘടനയ്ക്കു രൂപം കൊടുത്തത്.

ഭാര്യ തുളസി ഒരു വർഷം മുമ്പു മരിച്ചു. കിരൺ ആർ.ടി നായർ, വരുൺ ആർ.ടി നായർ എന്നിവർ മക്കളാണ്. സഞ്ചയനം 14-നു രാവിലെ.

ഫോൺ: 9895191314.

ഇന്നലെ പൂജപ്പുരയിലെ രാജന്റെ വസതിയിലും പിന്നീട് ചാല കൊത്തുവാൾ സ്ട്രീറ്റിലെ ഐ. എൻ. ടി.യു.സി ഓഫീസിലും മൃതദേഹം പൊതുദർശനത്തിനു വച്ചു.

ചാല രാജനോടുള്ള ആദരസൂചകമായി ഇന്നലെ ചാലയിലെ കടകമ്പോളങ്ങൾ അടച്ച് ഹർത്താൽ ആചരിച്ചു.

# സി. ഗോവിന്ദൻ അന്തരിച്ചു



കണ്ണൂർ : പ്രമുഖ വ്യവസായി തലശ്ശേരി റിവർ സൈഡ് എൻക്ലേവിലെ 'ആങ്കറി' ൽ ആങ്കർ ഗോവിന്ദൻ എന്ന സി. ഗോവിന്ദൻ (87) നിര്യാതനായി. ജെമിനി പ്ലാസ്റ്റിക്സ് ഇൻഡസ്ട്രീസ്, ലക്ഷ്മി എൻജിനിയറിംഗ്, ലക്ഷ്മി അസോസിയേറ്റ്സ് എന്നീ സ്ഥാപനങ്ങളുടെ മാനേജിംഗ് പാർട്ട്ണറാണ്. 1966 മുതൽ ആങ്കർ ഇലക്ട്രിക്കൽ ഉത്പന്നങ്ങളുടെ കേരളത്തിലെ മൊത്തവിതരണക്കാരനാണ്.

മികച്ച വ്യവസായിയെന്ന നിലയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പുരസ്കാരം നല്കി ആദരിച്ചിട്ടുണ്ട്. തലശ്ശേരി ലയൺസ് ക്ളബ് ഭാരവാഹിയായി ദീർഘകാലം പ്രവർത്തിച്ച ഗോവിന്ദന് ജേസീസ്, നോർത്ത് മലബാർ ചേംബർ ഒഫ് കോമേഴ്സ് എന്നീ സംഘടനകളുടെ പുരസ്കാരങ്ങളും ലഭിച്ചു. ദീർഘകാലം തലശ്ശേരി സഹകരണ ആശുപത്രി, ടി.പി. സുകുമാരൻ സ്മാരക സ്കൂൾ എന്നിവയുടെ ഡയറക്ടറായിരുന്നു.

ഭാര്യ: സുധ, ബിസിനസുകാരായ സതീഷ്കുമാർ, സുനിൽകുമാർ, രമേഷ്കുമാർ, സന്ധ്യ എന്നിവർ മക്കളാണ്. മരുമക്കൾ: പ്രഭാകരൻ (ബിസിനസ്), വസന്ത, സുചിത്ര, ധനേഷ്മ. പരേതയായ ലക്ഷ്മിയാണ് ആദ്യഭാര്യ. സംസ്കാരം ഇന്ന് വൈകിട്ട് മൂന്നു മണിക്ക് തലശ്ശേരി ലോട്ടസ് തിയേറ്ററിനടുത്തുള്ള തിയ്യ സമുദായ ശ്മശാനത്തിൽ.

advt

Vol.No.100 Issue No.39 R.No.3052/57 (R.No.KL/TV(N)72/2009-11) Printed and Published by M.S. Ravi from Kaumudi Buildings, Trivandrum-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Trivandrum Phone: **2461010, 2461050, 3941050**, e-mail: news@keralakaumudi.com Editor: M.S. Madhusoodanan. Managing Editor: Deepu Ravi. (Responsible for selection of news under the PRB Act) Editor-in-Chief: M.S.Mani